**മേലെഴുത്ത് നം സി6/42730/2017/കോ.വി.വ തീയതി 20-03-2018**

കോമൺ പൂൾ ലൈബ്രേറിയൻമാരുടെ കോൺഫിഡൻഷ്യൻ റിപ്പോർട്ട് തയ്യാറാക്കുന്നതു സംബന്ധിച്ച സർക്കാർ സർക്കുലറിന്റെ പകർപ്പ് എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാരുടേയും അറിവിലേയ്ക്കായി അയയ്ക്കുന്നു.

ഒപ്പ്/-
ടി.പി മഞ്ജുള
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഇൻ ചാർജ്)

// അംഗീകാരത്തോടെ //

സൂപ്രണ്ട്

പകർപ്പ് :

1. സിസ്റ്റം മാനേജർ
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
2. C.F/ S.F

na

06 MAR 2018
DIRECTOR * THIRUVANANTHAPURAM * NO

**കേരള സർക്കാർ**
**ഉന്നതവിദ്യാഭ്യാസ (എ) വകുപ്പ്**

നം.എ 3/73/18/ഉ.വി.വ.

തിരുവനന്തപുരം,
തീയതി :03.03.2018

**പരിപത്രം** 010274

വിഷയം:-കോമൺപൂൾ ലൈബ്രറി സർവ്വീസ് - ജീവനക്കാര്യം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് യഥാവിധി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

കോമൺപൂൾ ലൈബ്രേറിയൻമാർ അവരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

1. കോൺഫിഡൻഷ്യൽ റിപ്പോർട്ട് നിശ്ചിത അസൽ പ്രൊഫോർമയിൽ സമർപ്പിക്കേണ്ടതാണ് (ഫോട്ടോ കോപ്പി അനുവദനീയമല്ല).
2. കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങളടങ്ങിയ അവസാന പേജ് സഹിതം അത് സമർപ്പിക്കേണ്ടതാണ്.
3. ഏതെങ്കിലും ലൈബ്രേറിയൻമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിവ്യൂ ചെയ്യുവാൻ മേലധികാരി (വകുപ്പ മേധാവി) ഇല്ലെങ്കിൽ പ്രസ്തുത കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി റിവ്യൂ നടത്തേണ്ടതാണ്.
4. ഒരു സ്റ്റേഷനിൽ നിന്നും മറ്റൊരു സ്റ്റേഷനിലേയ്ക്ക് മാറുമ്പോഴുള്ള പ്രവേശന കാലം, അർഹതപ്പെട്ട അവധി എടുത്ത കാലയളവ് അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ (45 ദിവസത്തിൽ താഴെ തുടർച്ചയായി) കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാതിരുന്നാൽ, വിട്ടുപോയ കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്തതിന്റെ കാരണം ബോദ്ധ്യപ്പെടുത്തിക്കൊണ്ടുള്ള മേലധികാരി സാക്ഷ്യപ്പെടുത്തിയ സമർപ്പണം കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ഓരോ കോൺഫിഡൻഷ്യൽ റിപ്പോർട്ടിലും സ്വയം വിലയിരുത്തൽ പത്രിക ഉൾക്കൊള്ളിക്കേണ്ടതാണ്.
5. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഒരേ മേലധികാരിതന്നെ റിപ്പോർട്ട് ചെയ്യുവാനും റിവ്യൂ ചെയ്യുവാനും പാടില്ല.

എം.ജി.രഞ്ജിത്കുമാർ
ജോയിന്റ് സെക്രട്ടറി

മെമ്പർ സെക്രട്ടറി,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്,തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഫോറസ്റ്റ് സെൻട്രൽ ലൈബ്രറി, തിരുവനന്തപുരം
ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം